28

# പുതിയ ക്രിസ്ത്യാനി കൾക്കുള്ള തടസ്സങ്ങൾ

## (9:19- 31; 22:17- 21)

അപ്പൊസ്തലനായ പൗലൊസ് പലപ്പൊഴും ക്രിസ്തീയജീവിതത്തെ ഓട്ടപ്പന്തയത്തോടു താരതമ്യപ്പെടുത്തി പറയുന്നുണ്ട് (1 കൊരിന്ത്യർ 9:24–27; 2 തിമൊഥെയൊസ് 4:7, 8). ചിലർക്കു, ക്രിസ്തീയ ജീ വിതം ഹ്രസ്വദൂര ഓട്ടമാണ്; അവർ വേഗത്തിൽ എല്ലായ്പ്പോഴും ഓടും. നമ്മിൽ അധികം പേർക്കും, അതു അധിദൂര ഓട്ടമാണ്, പൗലൊസ് നേരിട്ട ഓട്ടം, എങ്ങനെയായാലും, ഏതാണ്ട് *ഉയർന്ന തടസ്സങ്ങൾ* ഉള്ളതായിരുന്നു. സ്നാനവെള്ളത്തിൽ നിന്നു അവൻ കയറിയ ഉടനെ, അവനു തടസ്സം നീക്കേണ്ടതായിവന്നു, തടസ്സങ്ങൾ അതിജീവിക്കേണ്ടതായി വന്നു. ഈ പാഠത്തിൽ, പൗലൊസിന്റെ ആരംഭശുശ്രൂഷയെക്കുറിച്ചു നമുക്കു തുടർന്നു പഠിക്കാം. നാം അങ്ങനെ ചെയ്യുമ്പോൾ, പൗലൊസ് നേരിട്ട ചില തടസ്സങ്ങളെ നാം ശ്രദ്ധിക്കൂ. അനേകം ക്രിസ്തുവിൽ ശിശുക്കളായവർ നേരിടുന്ന വെല്ലുവിളികൾ ഏതാണ്ടു സമാനമായതുകൊണ്ട്, നാം പ്രത്യേകിച്ച് അവൻ എങ്ങനെ അവയെ അതിജീവിച്ചു എന്നു കാണാൻ ആഗ്രഹിക്കയാണ്.

### പരാജയതടസ്സം (9:19-22)

തങ്ങളുടെ കുഞ്ഞു ആദ്യമായി ഒരടി നടക്കുന്നതു കാണുമ്പോൾ, മാതാപിതാക്കൾ ആവേശഭരിതരാകും. ആദ്യം ഒരടി വെക്കും, പിന്നെ വീഴും. പിന്നെ, വീണ്ടും ശ്രമിക്കും. രണ്ടാമത്തെ അടി വെച്ച ശേഷം, വീണ്ടും വീഴും. ക്രമേണ, രണ്ടടി വീഴാതെ നടക്കും, പിന്നെ മൂന്ന്, അതിനുശേഷം കൂടുതൽ. ഞങ്ങളുടെ രണ്ടാമത്തെ മകൾ, ഡെബ്സിയുടെ ആദ്യത്തെ കാൽവെപ്പിന്റെ ചിത്രം നോക്കി കാണാൻ എനിക്കിഷ്ടമാണ്. അവൾ ഓടുവാൻ തുടങ്ങിയതുപോലെയായിരുന്നില്ല നടക്കുവാൻ തുടങ്ങിയത്. (മന്ദഗതിയിലായിരുന്നില്ല അവൾ!) ഞങ്ങളുടെ ചിത്രത്തിൽ, എങ്ങനെയായാലും, ഡെബ്സി പിച്ച വെച്ചു നടക്കുമ്പോൾ കുറെ മറിഞ്ഞുവീഴും. ഇത് പരിഗണിക്കുക: രണ്ടുമൂന്നു പ്രാവിശ്യം ഇങ്ങനെ ശ്രമിച്ച ശേഷം ഡെബ്സി പരിശ്രമിച്ചില്ലെങ്കിൽ എന്തു സംഭവിക്കുമായിരു

ന്നു? എങ്കിൽ ഇപ്പോൾ ഞങ്ങൾ പ്രായപൂർത്തിയായ ഒരു പെൺകുട്ടിയെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്കു ചുമന്നു കൊണ്ടുവന്നേനെ!

ശിശുക്കൾ ചെയ്യുന്നതുപോലെ ക്രിസ്തുവിൽ ശിശുക്കളായവർ നടക്കുവാൻ *പഠിക്കണം* - അവർ പലപ്പോഴും സാധാരണ ശിശുക്കളെക്കാൾ, ഇടറി വീഴും. "ചിലപ്പോൾ ക്രിസ്ത്യാനികൾ ക്രിസ്തീയ മാതൃകാ ജീവിതത്തിൽ നിന്നു സേവനത്തിൽ നിന്നും വീണു പോകുമോ?" എന്നതല്ല ചോദ്യം. തിരുവെഴുത്തു നമ്മുടെ അനുഭവവും പറയുന്നതു അവർ വീണു പോകും എന്നാണ്. പ്രധാന ചോദ്യം. "അവർ വീഴുമ്പോൾ, അവർ *എഴുന്നേറ്റു നടക്കാൻ ശ്രമിക്കുമോ?*" എന്നതാണ്.

തന്റെ ആരംഭപരിശ്രമങ്ങൾ ദമാസ്കസിലും യെരുശലേമിലും *പരാജയമായിരുന്നു* എന്നു ശൗൽ സ്പഷ്ടമായി കണ്ടു. അർദ്ധരാത്രിയിൽ അവൻ ദമാസ്കസിൽ നിന്നു രക്ഷപ്പെടുന്നതു *ബലഹീനതയുടെ* മാതൃകയായി അവൻ പിന്നീട് പറയുന്നുണ്ട് (2 കൊരിന്ത്യർ 11:30, 32, 33). യേരുശലേമിൽ നിന്നുള്ള അവന്റെ രക്ഷപ്പെടലിനെക്കുറിച്ച് പറയുമ്പോൾ, അവൻ സൂചിപ്പിച്ചതു താൻ വൈമനസ്യത്തോടെയാണ് പോയതെന്നു പറയുന്നു (പ്രവൃത്തി 22:17-21). *വിശ്വാസത്താൽ പരാജയതടസ്സങ്ങളെ നീക്കം ചെയ്യാൻ*, എങ്ങനെയായാലും, *ശൗലിനു കഴിഞ്ഞു.* അവൻ വിട്ടുകളഞ്ഞില്ല; അവൻ തന്നെത്താൻ എഴുന്നേറ്റു വീണ്ടും പരിശ്രമിച്ചു.

നിങ്ങൾ നിങ്ങളുടെ ക്രിസ്തീയജീവിതം ആരംഭിക്കുമ്പോൾ, ശൗലിൽ നിന്നും പഠിക്കുക: പരാജയം അന്തിമമാകാൻ അനുവദിക്കരുത്. നിങ്ങൾ വീഴുമ്പോൾ, എഴുന്നേല്കുകയും[1] വീണ്ടും പരിശ്രമിക്കുകയും ചെയ്യുക. നടക്കുവാൻ പഠിക്കുന്ന ഏകവഴി അതാണ്. ഉപേക്ഷിക്കുന്നതും ഒന്നും ചെയ്യാതിരിക്കുന്നതും സുരക്ഷിതമെന്നു തോന്നിയേക്കാം, പക്ഷെ അതു നിങ്ങളെ ആത്മീയ മുടന്തിൽ ആക്കും, മറ്റുള്ളവരെ എല്ലായ്പ്പോഴും ആശ്രയിച്ചുകൊണ്ടിരിക്കും![2]

റൊമേനിയയിലെ, ബ്രാസോവ് എന്ന സ്ഥലത്തു ഞാനും എന്റെ ഭാര്യയും അടുത്ത സമയത്തു കുറച്ചു സമയം ചെലവിട്ടു. അവിടെ ഉണ്ടായിരുന്ന പുതിയ ക്രിസ്ത്യാനികളുടെ വളർച്ചയിൽ എനി ക്കു ചാരിതാർത്ഥ്യമുണ്ടായി. അവരുടെ ആരാധനാ ശുശ്രൂഷയിൽ, മിക്കവാറും ഓരോ യുവാവും ഓരോ വാക്യം വായിക്കുകയും, പ്രാർത്ഥിക്കുകയും, പാട്ടു നയിക്കയും, ചുരുങ്ങിയ പ്രസംഗം നടത്തുകയും ചെയ്തു. ലജ്ജ ഒഴിവാക്കുവാൻ "സുരക്ഷിതത്വം" നോക്കി ഇരുന്നപ്പോൾ ആ ചെറുപ്പക്കാർക്കു രീതിയിലാണ്. അവർ *പരിശ്രമിച്ചാണ്* അങ്ങനെ വളർന്നത് - അതിൽ തെറ്റു ചെയ്യുന്നതും ഉൾപ്പെടുന്നു!

### ഉപദ്രവമെന്ന തടസ്സം
### (9:23-25)

സ്നാനശേഷം, ശൗൽ ദമാസ്കസിലെ പള്ളികളിൽ പ്രസംഗിച്ചതായി നാം കഴിഞ്ഞ പാഠത്തിൽ കണ്ടു. ഏതോ സമയത്തു അവൻ അറേബ്യാ മരുഭൂമിയിലേക്കു പോയതും ദമാസ്കസിൽ പ്രസംഗം ആരംഭിച്ചതും നാം പഠിച്ചു. "കുറെ നാൾ കഴിഞ്ഞപ്പോൾ യെഹൂദൻമാർ അവനെ

കൊല്ലുവാൻ ആലോചിച്ചു" (വാക്യം 23). വാദിച്ച് അവർക്കു അവന്റെ ശബ്ദം നിർത്തുവാൻ കഴിയാത്തതുകൊണ്ട്, മരണം കൊണ്ട് നിർത്തുവാൻ അവർ ശ്രമിച്ചു.[3] "രക്തസാക്ഷിത്വമാണ് തെളിവു നശിപ്പിക്കുവാനുള്ള ലോകത്തിന്റെ വഴി" എന്ന് ആരോ പറഞ്ഞിട്ടുണ്ട്.

24-ാം വാക്യം പറയുന്നു, "ശൗൽ അവരുടെ കൂട്ടുകെട്ട് അറിഞ്ഞു.[5] അവനെ കൊല്ലുവാൻ അവർ [യെഹൂദൻമാർ] രാവും പകലും നഗര ഗോപുരങ്ങൾ കാവൽ വെച്ചു." കൊരിന്ത്യർക്കു എഴുതുമ്പോൾ, പൗലൊസ് അന്ധാളിപ്പിക്കുന്ന കുറിപ്പ് ചേർക്കുകയുണ്ടായി: "ദമാസ്കസിലെ അരേ രാജാവിന്റെ[6] നാടുവാഴി[7] എന്നെ പിടിപ്പാൻ ഇച്ഛിച്ചു. ദമാസ്ക പട്ടണത്തിൽ കാവൽവെച്ചു കാത്തു" (2 കൊരിന്ത്യർ 11:32). സാധാരണ റോമൻ ആധിപത്യത്തിലിരിക്കുന്ന അറബിരാജാവായിരുന്ന അരേ രാജാവിനു എന്തധികാരമാണുള്ളത്, എന്നതിനാലാണ് ഞാൻ ഇതിനെ അന്ധാളിപ്പിക്കൽ എന്നു പറഞ്ഞത്.[8] കൂടുതൽ അന്ധാളിപ്പിക്കുന്നത്, എങ്ങനെയായാലും, ശൗലിനെ കൊല്ലുവാൻ യെഹൂദന്മാരും അറബികളും യോജിച്ചു എന്നതാണ്! അന്നു ഇന്നും യെഹൂദന്മാരും അറബികളും സഹകരിക്കുന്നത് അസാധാരണമാണ്.[9] ഒരു പക്ഷെ യെഹൂദന്മാർക്കു ദമാസ്കസിൽ കൂടുതൽ രാഷ്ട്രീയ സ്വാധീനം ഉണ്ടായിരുന്നേക്കാം;[10] ഒരു പക്ഷെ ശൗൽ ഒരു ഭീഷണിയായി യെഹൂദന്മാർക്കും അറബികൾക്കും തോന്നിയേക്കാം.[11] കാരണം എന്തായാലും, ദമാസ്കസിലെ എല്ലാ വിഭവശേഷിയും യോജിപ്പിച്ചു ഒരു മനുഷ്യനെ കൊല്ലുവാൻ ശ്രമിച്ചു!

ശൗലിന്റെ രക്ഷപ്പെടൽ സംഭവം പുതിയ നിയമത്തിലെ ഏറ്റവും നന്നായി അറിയപ്പെടുന്ന ഒന്നാണ്: "എന്നാൽ അവന്റെ ശിഷ്യൻമാർ[12] രാത്രിയിൽ, അവനെ ഒരു കൊട്ടയിലാക്കി, മതിൽ വഴിയായി ഇറക്കിവിട്ടു" (9:25). പൗലൊസ് പിന്നീട് എഴുതി, "എന്നാൽ അവർ എന്നെ മതിലുള്ള ഒരു കിളിവാതിൽ വഴിയായി ഒരു കൊട്ടയിൽ[13] ഇറക്കിവിട്ടു" (2 കൊരിന്ത്യർ 11:33) നഗരമതിലുകളോട് ചേർന്ന് കെട്ടിടങ്ങൾ പണിയുന്നതു സാധാരണമായിരുന്നു (യോശുവ 2:15). ശൗൽ സ്നേഹിതന്മാരാൽ ചുറ്റപ്പെട്ട്, കൂട്ടം കൂടി ഈ കെട്ടിടങ്ങളിൽ, ഒന്നിൽ അവർ സ്വകാര്യം പറഞ്ഞു എന്തുചെയ്യണമെന്ന് ചർച്ച ചെയ്തു. അവസാനം, ഓരോ മുറിയിൽ നിന്നു പറത്തുപോയി വലിയ കയറു ചുരുട്ടികൂട്ടി തോളിലിട്ടും, ഒരു കൊട്ടയുമായും വന്നു. ആ കൊട്ടയിൽ കയർ കെട്ടി ശൗലിനോട് പറഞ്ഞു, "ഇതിലൊന്നു മതിയോ എന്ന് പരിശോധിക്കുക!" നിമിഷങ്ങൾക്കകം, ശൗലിനെ ജനലിൽ കൂടി താഴേക്കു ഇരുട്ടിൽ ഇറക്കി. ഇരുട്ടിൽ അവൻ അങ്ങോട്ടും ഇങ്ങോട്ടും ആടിയുലയുന്നതും ചുമരിലേക്കു ഓരോ സമയത്തും തട്ടുന്നതും എനിക്കു കാണാം, അവസാനം കൊട്ട തറയിലിറക്കുകയും ചെയ്തു.

ഞാൻ ഒരു യുവാവായിരുന്നപ്പോൾ, ഞാൻ വിചാരിച്ചതു പൗലൊസിന്റെ രക്ഷപ്പെടൽ ഒരു ആവേശകരമായ സാഹസമായിരുന്നു എന്നാണ്. പൗലൊസിനു അതു ആവേശമായിരുന്നില്ല, എന്നാൽ ലജ്ജാകരമായിരുന്നു – ഒരു പട്ടണത്തിൽ നിന്നു ഒരു മുതിർന്ന വ്യക്തിയുടെ അന്തസുകെട്ട പ്രവൃത്തിയായിരുന്നു![14] ആദ്യം ദമാസ്കസിലേക്കു പോകാൻ

തയ്യാറായതു വലിയ അധികാരം കാണിക്കുവാനും ശക്തി പ്രകടമാക്കുന്നതിനുമായിരുന്നു. (കരയുന്ന ക്രിസ്ത്യാനികളെ ചങ്ങല കൊണ്ട് ബന്ധിച്ച് വലിച്ചിഴക്കുവാൻ.) പകരം, ഇപ്പോൾ അവൻ ഒരു അന്ധയാചകനെപ്പോലെ പട്ടണത്തിലേക്ക് പ്രവേശിക്കുകയാണ്, അവൻ ഒരു കുറ്റവാളിയെപ്പോലെ രക്ഷപ്പെടുകയാണ്!

ശൗൽ ഞാനായിരുന്നെങ്കിൽ, രക്ഷപ്പെട്ടശേഷം, കോപം ശമിക്കുന്നതുവരെ ഏതെങ്കിലും ഏകാന്തസ്ഥലത്തു ചെന്നു ഒളിച്ചിരിക്കാമെന്നു വിചാരിക്കും. എങ്ങനെയായാലും, ശൗൽ, അവനെ ദമാസ്കസിലുള്ളവരെക്കാൾ അവനെ വെറുക്കുന്ന; മറ്റൊരു പട്ടണമായ *യെരുശലേമിലേക്കാണ്* അവൻ പോയത്.

*ശൗൽ ഉപദ്രവമെന്ന തടസത്തെ നീക്കിയതു സ്ഥിരതയോടു കൂടെയാണ്.* വചനം കേട്ടവരോടോ യേശു കല്പിച്ചതു "നല്ല മണ്ണിലുള്ളതോ വചനം കേട്ടു ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു, ക്ഷമയോടെ ഫലം കൊടുക്കുന്നവർ തന്നെ" (ലൂക്കൊസ് 8:15).

ഒരു ക്രിസ്ത്യാനിയായി തീർന്നാൽ, നിങ്ങളുടെ ജീവിതം ഇവിടെയും വരുവാനുള്ളതിലും അനുഗ്രഹിക്കപ്പെടും – എന്നാൽ ക്രിസ്തീയജീവിതം അത്ര എളുപ്പമെന്ന് ധരിക്കയുമരുത്. നിങ്ങളുടെ ക്രിസ്തീയ നടപ്പിൽ ചിലർ നിങ്ങളെ നിരുത്സാഹപ്പെടുത്തിയേക്കാം, നിങ്ങളെ ഉയർത്തുകയും താഴ്ത്തുകയും ചെയ്തേക്കാം! അങ്ങനെ സംഭവിച്ചാൽ, ഓർമിക്കുക: "ഒന്നും അത്ര കാര്യമാക്കാതിരിക്കുന്നവരെ സാത്താൻ ശല്യം ചെയ്യാറില്ല!" ഒരു സ്നേഹിതനെ ഓർമ്മ വരുന്നു.[15] ഞാൻ ആ യുവാവിനെ സ്നാനപ്പെടുത്തിയപ്പോൾ, അവൻ ആവേശഭരിതനായി ത്തീരുകയും അവനെ അറിഞ്ഞിരുന്നവരെല്ലാം സന്തോഷിക്കുകയും ചെയ്തു; എന്നാൽ അവന്റെ സ്നേഹിതന്മാർ വിചാരിച്ചത്, അവനു വെറി പിടിച്ചതാണെന്നാണ്. അവന്റെ വീട്ടുകാർക്ക് പരിഹാസ്യമായി തോന്നി. തനിക്കറിയാവുന്ന എല്ലാവരും അയാൾ പരിവർത്തനം ചെയ്യാൻ തുടങ്ങി. എല്ലാവരും പുതിയ നിയമം അനുസരിക്കും എന്നവൻ വിചാരിച്ചു – എന്നാൽ ആതു സംഭവിച്ചില്ല. ഓരോ സമയത്തും ഈ യുവാവിനെ മറ്റുള്ളവർ താഴ്ത്തി കളഞ്ഞു. എങ്കിലും അവൻ എഴുന്നേറ്റു വീണ്ടും തുടർന്നു. അയാളുടെ സ്ഥിരത കാരണം, ഇന്നുതന്നെ സജീവ അംഗമായിരിക്കുന്ന ഇടവകയിൽ നല്ലൊരു സ്വാധീനം ആയിരിക്കുന്നു!.

### ഭൂതകാലതടസ്സം (9:26-28)

ശൗൽ യെരുശലേമിലേക്ക് യാത്ര തിരിച്ചപ്പോൾ, കർത്താവു മൂന്നു വർഷം മുമ്പ് പ്രത്യക്ഷമായ സ്ഥലത്തു കൂടെ വേണമായിരുന്നു. അവനു കടന്നു പോകുവാൻ.[16] ഏതാണ്ട് 140 മൈൽ കഴിഞ്ഞപ്പോൾ, യെരുശലേമിന്റെ മതിലുകൾ കാണാറായി. അവൻ ഒരു പക്ഷെ യേശുവിനെ ക്രൂശിച്ച കാൽവരി കടന്നു പോയിരിക്കാം, സ്തെഫാനൊസിനെ കല്ലെറിഞ്ഞു കൊന്ന സ്ഥലവും അവൻ കടന്നു പോയിരിക്കാം. അവന്റെ ആത്മാവിൽ എന്തെല്ലാം വികാരങ്ങൾ കുമിഞ്ഞു കൂടിയിരിക്കണം!

അവൻ യെരുശലേമിൽ എത്തിയപ്പോൾ, അവൻ സ്നേഹിതനില്ലാത്ത മനുഷ്യനായിരുന്നു. അവൻ യെഹൂദവിശ്വാസം വിട്ടുകളഞ്ഞതു

കൊണ്ട് അവന്റെ കഴിഞ്ഞകാലകൂട്ടുകാർക്ക് അവനോട് ഒരു കാര്യവുമില്ല, അവൻ വാസ്തവത്തിൽ യെഹൂദമതം വിട്ടോ എന്ന സംശയത്താൽ ക്രിസ്ത്യാനികളും വിട്ടു നിന്നു! "അവൻ യെരുശലേമിൽ എത്തിയാറെ ... ശിഷ്യൻമാരോട്[17] ... ചേരുവാൻ ശ്രമിച്ചു എന്നാൽ അവൻ ഒരു ശിഷ്യൻ എന്നു വിശ്വസിക്കാതെ എല്ലാവരും അവനെ പേടിച്ചു"[18] (9:26). ശൗൽ അപ്പൊസ്തലനായോ എന്നു വെറുതെ സംശയിക്കുകയായിരുന്നില്ല; അവൻ ക്രിസ്ത്യാനിയോ എന്നുപോലും അവർ സംശയിച്ചു! അവർ വിചാരിച്ചതു അവന്റെ "പരിവർത്തനം" അവരുടെ വിശ്വാസം ആർജിക്കാനുള്ള കുബുദ്ധിയുപയോഗിച്ച് ക്രിസ്ത്യാനികൾ എവിടെയെല്ലാമുണ്ടോ എന്നു കണ്ടുപിടിച്ചു യെരുശലെമിലെ ഓരോ ക്രിസ്ത്യാനിയേയും തടവിലാക്കാനുള്ള തന്ത്രമായിരിക്കുമെന്നാണ്!

ശൗലിന്റെ സ്ഥാനത്തു നാമാണെങ്കിൽ, നമ്മിൽ പലരും പറയും, "സഭക്കു എന്നെ വേണമെങ്കിൽ, എനിക്കു അവയും വേണ്ട!" – അങ്ങനെ പറഞ്ഞു മുറിവേറ്റ ഹൃദയവുമായി വിട്ടു പോയിരിക്കും. എങ്കിലും, ശൗൽ, ദൃഢതയുള്ളവനായിരുന്നു. ക്രമേണ, അവൻ പ്രബോധന പുത്രൻ എന്ന, ഒരു സ്നേഹിതനെ കണ്ടുമുട്ടി (4:36). ബർട്ടൺ കോഫ്മാൻ പറഞ്ഞു, ശഭ ശൗലിനെ സ്വീകരിക്കാതിരുന്നെങ്കിൽ അതിശയിക്കാനില്ല, എന്നാൽ "കൂടുതൽ ശ്രദ്ധേയമായ കാര്യം ... ഒരാൾ ധൈര്യത്തോടെ അവനെ വിശ്വസിച്ചു ... സഭ മുഴുവൻ അവനുമായി അപ്പിലെത്തിക്കാൻ പരിശ്രമിച്ചു"[19] ആ ഒരാൾ ബർണബാസ് ആയിരുന്നു:

> ബർണബാസോ അവനെ [ശൗൽ] കൂട്ടി അപ്പൊസ്തലന്മാരുടെ[20] അടുക്കൽ കൊണ്ടുചെന്നു. അവൻ വഴിയിൽ വെച്ചു കർത്താവിനെ കണ്ടെത്തുക,[21] കർത്താവു അവനോട് സംസാരിച്ചതും, ദമാസ്കസിൽ അവൻ യേശുവിന്റെ നാമത്തിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചതും എല്ലാം അവരോട് വിവരിച്ച് പറഞ്ഞു (വാക്യം 27).

ശൗലിനെക്കുറിച്ച് ബർന്നബാസ് ഇത്രയും അറിഞ്ഞതെങ്ങനെയാണ്? ക്രിസ്ത്യാനിയായിത്തീരുന്നതിനു മുൻപു ബർണബാസിനു ശൗലിനെ അറിയാമായിരുന്നു എന്ന് ചിലർ ഊഹിക്കുന്നുണ്ട്. ബർണബാസ് കാംപ്രോസുകാരനായിരുന്നു (4:36), കുപ്രൊസ് കിലിക്യയിൽ നിന്നും അത്ര ദൂരെയായിരുന്നില്ല[22] അവൻ ശൗലിനെ യെരുശലേമിൽ വെച്ചു കണ്ടിരിക്കാനുമിടയുണ്ട്. ചിലർ വിചാരിക്കുന്നതു ബർണബാസ് ദമാസ്കസിൽ ചെന്നു ശൗലിനെക്കുറിച്ച് പഠിച്ചു എന്നാണ്[23] ഒരുപക്ഷെ ഏറ്റവും നല്ല വിവരണം, ബർണബാസ് ആളുകളുടെ നല്ലവശം നോക്കി അവരെ പ്രോത്സാഹിപ്പിക്കുവാൻ ആഗ്രഹിച്ചു എന്നതാവും![24] ശൗലിനു വേണ്ടി നിന്നപ്പോൾ ബർണബാസിന്റെ കീർത്തിയും വിശ്വസ്തതയും എടുത്തു.

ആ സമയത്ത്, ശൗൽ തന്റെ സുവിശേഷദൗത്യയാത്ര തുടങ്ങിയിട്ടില്ല; അവന്റെ പതിമൂന്നോ പതിനാലോ ലേഖനങ്ങളും എഴുതപ്പെട്ടിട്ടില്ലായിരുന്നു.[25] അവിടെ ഒരു ബർന്നബാസ് ഇല്ലായിരുന്നെങ്കിൽ നാം ആത്മീയ ദാരിദ്ര്യത്തിലേക്ക് താഴുമായിരുന്നു! അവൻ അപ്പൊസ്തലന്മാരെ ബോദ്ധ്യപ്പെടുത്തുകയും, പിന്നെ യെരുശലേമിലെ ക്രിസ്ത്യാനി

കളെ അപ്പൊസ്തലന്മാർ ബോധ്യമാകുകയും ചെയ്തതുകൊണ്ട് നാം എത്ര നന്ദിയുള്ളവരായിരിക്കണം.

പട്ടണത്തിലായിരുന്നപ്പോൾ പത്രൊസ് ശൗലിനെ തന്റെ വീട്ടിൽ പാർക്കുവാൻ ക്ഷണിച്ചു (ഗലാത്യർ 1:18). "പിന്നെ അവൻ യെരുശലേമിൽ അവരുമായി പെരുമാറുകയും കർത്താവിന്റെ നാമത്തിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിക്കയും ചെയ്തു പോന്നു" (9:28). ആ പ്രദേശത്തുള്ള എല്ലാ സഭകളിലും വാർത്ത പരന്നു "മുമ്പെ നമ്മെ ഉപദ്രവിച്ചവൻ താൻ മുമ്പെ മുടിച്ച വിശ്വാസത്തെ ഇപ്പോൾ പ്രസംഗിക്കുന്നു എന്നു കേട്ടു" (ഗലാത്യർ 1:23).[26]

*ശൗൽ ഭൂതകാലതടസ്സങ്ങൾ നീക്കിയതു ക്ഷമയോടെയാണ്.* ക്രിസ്ത്യാനികൾ അവനെ ജാഗ്രതയോയെ വീക്ഷിച്ചതെന്തുകൊണ്ടെന്നു അവൻ മനസിലാക്കി. ഒരിക്കൽ വിശ്വാസം നഷ്ടപ്പെട്ടാൽ അതു വീണ്ടെടുക്കുവാൻ സമയം എടുക്കും എന്നറിയാമായിരുന്നു. തിരക്കരിക്കൽ ഉദ്ദേശത്തിൽ നിന്നു പിന്തിരിപ്പിക്കുവാൻ അവനെ അവൻ അനുവദിച്ചില്ല – അവസാനം അവൻ സ്വീകരിക്കപ്പെട്ടു. നിങ്ങൾ ജീവിച്ചു കഴിഞ്ഞ ഒരു ഭൂതകാലം നിങ്ങൾക്കുണ്ടാകും. സഹോദരന്മാരോട് അക്ഷമരാകരുത്; അവരുടെ കാഴ്ചപ്പാടിൽ, നിങ്ങളെ കാണാൻ ശ്രമിക്കുക, ക്ഷമയോടെയിരിക്കുക. സ്വീകരിക്കാൻ കാത്തിരിക്കുന്നവർക്കും അതു നല്കുന്നവർക്കും പ്രയോജനമുള്ള ഉപദേശമാണ് എഫെസ്യർ 4:1, 2–ൽ പൗലൊസ് നൽകുന്നത്: "ഞാൻ, അതുകൊണ്ട് ... പ്രബോധിപ്പിക്കുന്നതു നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാംവണ്ണം, പൂർണ്ണവിനയത്തോടും സൗമ്യതയോടും, *ക്ഷമയോടും* കൂടെ, നടക്ക യും സ്നേഹത്തിൽ പൊറുക്കുകയും ചെയ്യുവിൻ" (എംഫസിസ് മൈൻ).

### കാഠിന്യമെന്ന തടസ്സം
### (9:29, 30; 22:17-21)

ശൗൽ യെരുശലേമിൽ പ്രസംഗിച്ചപ്പോൾ, ആദ്യം പ്രസംഗിച്ചത് യവനഭാഷക്കാരായ യെഹൂദന്മാരുടെ പള്ളികളിൽ[27] ഒന്നിൽ സ്തെഫാനോസ് പ്രസംഗിച്ച സ്ഥലത്തായിരുന്നു.[28] പൂർത്തിയാകാത്ത ഒരു ജോലി അവന് അവിടെയുണ്ടായിരുന്നു: "യവനഭാഷക്കാരായ യെഹൂദന്മാരോടും അവൻ സംഭാഷിച്ചു തർക്കിച്ചു"[29] (9:29). "വാദിക്കൽ" എന്നതു ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തതാണ്. ഇതു പ്രവൃത്തിയുടെ പുസ്തകത്തിൽ ഒരു പ്രാവിശ്യം കൂടെ മാത്രമേയുള്ളൂ, പ്രവൃത്തി 6–ൽ, യവനഭാഷക്കാരായ യെഹൂദന്മാർ "*സ്തെഫാനോസിനോട്* തർക്കിച്ചു" (6:9; എംഫസിസ് മൈൻ). സ്തെഫാനൊസ് തുടങ്ങിവെച്ചതു പൂർത്തിയാക്കാനാണ് ശൗൽ അവിടെ മടങ്ങിയെത്തിയത്.

ശൗലിനു ഏറ്റവും അപകടമായ സ്ഥലമായിരുന്നു. യവനഭാഷക്കാരുടെ പള്ളി. സ്തെഫാനൊസിന്റെ ചോദ്യങ്ങൾക്കു ഉത്തരം പറയുവാൻ കഴിയാതെ, യവനഭാഷക്കാരായ യെഹൂദന്മാർ അവനെ പങ്കെടുക്കുകയും കൊല്ലുകയും ചെയ്തു. അവർക്കു ശൗലിനോടുണ്ടായ പത അതിലും ഭയാനകമായിരുന്നു, കാരണം അവരുടെ മനസിൽ അവൻ വിശ്വാസഘാതകനും ശത്രുപക്ഷത്തു ചേർന്നവനുമായിരുന്നു, അവരുടെ

വിശ്വാസം തള്ളികളഞ്ഞവനായിരുന്നു![30] അതുകൊണ്ട്, നാം ഇങ്ങനെ വായിക്കുന്നതിൽ, അതിശയിക്കുന്നില്ല. "അവർ അവനെ കൊല്ലുവാൻ വട്ടം കൂട്ടി" (9:29)! ദമാസ്കസിൽ ശൗൽ മൂന്നുകൊല്ലമെടുത്തു അവിടെ ആളുകൾ എതിരായി കോപിച്ചു അവനെ കൊല്ലുവാൻ ശ്രമിക്കുവാനും, പക്ഷെ യെരുശലെമിൽ അതിനു രണ്ടാഴ്ചയെ എടുത്തുള്ളൂ (ഗലാത്യർ 1:18).

ഒരിക്കൽക്കൂടെ, ദൈവകാരുണ്യത്താൽ, ആലോചന അറിയപ്പെട്ടു; ഒരിക്കൽ കൂടെ, ദൈവകരുണയാൽ, അവനെ രക്ഷപ്പെടുവാൻ ശൗലിന്നു ക്രിസ്തീയ സ്നേഹിതൻമാർ ഉണ്ടായിരുന്നു. നാം വായിക്കുന്നത്, "അവനെ സഹോദരന്മാർ അതറിഞ്ഞു. അവനെ കൈസര്യലേക്കു കൂട്ടി കൊണ്ടുപോയി. അവിടെ നിന്ന് തർസൊസിലേക്കു അയച്ചുച്ചു" (9:30). പാലസ്തീനിലെ മുഖ്യതുറമുഖമായ കൈസര്യ, യെരുശലേമിനു വടക്കു പടിഞ്ഞാറു എഴുപതു മൈൽ മാറി സ്ഥിതി ചെയ്യുന്നു.[31] ശൗലിന്റെ ജന്മ ദേശമായിരുന്നു തർസൊസ്.[32]

പ്രവൃത്തി 9-ൽ പറഞ്ഞിട്ടില്ലാത്ത അവന്റെ യെരുശലെമിൽ നിന്നുള്ള പുറപ്പെട്ടു പോകൽ പ്രവൃത്തി 22-ൽ പറയുന്നുണ്ട്:[33] യവ്വനഭാഷക്കാരായ യെഹൂദന്മാർ തന്നെ കൊല്ലുവാൻ ശ്രമിച്ചപ്പോൾ, അവിടെ താൻ താമസിക്കണോ എന്നു തീരുമാനമെടുക്കേണ്ടതു, താൻ തന്നെയാണെന്ന് ഊന്നൽ പൗലൊസ് പ്രവൃത്തി 22-ൽ നല്കുന്നുണ്ട്.

> പിന്നെ ഞാൻ യെരുശലേമിൽ മടങ്ങിച്ചെന്നു ദൈവാലയത്തിൽ പ്രാർത്ഥിക്കുന്ന നേരം, ഒരു വിവശതയിലായി[34] അവനെ കണ്ടു, "നീ ബദ്ധപ്പെട്ടു വേഗം യെരുശലേം വിട്ടു പോക; നീ എന്നെക്കുറിച്ച് പറയുന്ന സാക്ഷ്യം അവർ കൈക്കൊൾകയില്ല" എന്നു എന്നോട് കല്പിച്ചു. അതിന്നു ഞാൻ, "കർത്താവേ, നിന്നിൽ വിശ്വസിക്കുന്നവരെ ഞാൻ തടവിൽ ആക്കുകയും പള്ളിതോറും അടിപ്പിക്കുകയും ചെയ്തു എന്നും നിന്റെ സാക്ഷിയായ സ്തെഫാനൊസിന്റെ രക്തം ചൊരിഞ്ഞപ്പോൾ, ഞാനും സമ്മതിച്ചു അരികെ നിന്നു, അവനെ കൊല്ലുന്നവരുടെ വസ്ത്രം കാത്തുകൊണ്ടിരുന്നു" എന്നും അവർ അറിയുന്നുവല്ലോ എന്നു പറഞ്ഞു അവൻ എന്നോട്, "നീ പോക! ഞാൻ നിന്നെ ദൂരത്ത് ജാതികളുടെ അടുക്കലേക്ക് അയക്കും എന്നു കല്പിച്ചു" (22:17–21).

ആദ്യമായും അവസാനമായും, ശൗൽ കർത്താവിനോട് വാദിച്ചു. "ഞാൻ വിചാരിക്കുന്നതു വരെ ബോദ്ധ്യപ്പെടുത്താൻ കഴി യും എന്നാണ്!" ഫലത്തിൽ അവൻ പറഞ്ഞതു – അന്തർലീനമായി കൂട്ടിച്ചേർത്തു കൊണ്ട് "എനിക്കതിനു കഴിഞ്ഞില്ലെങ്കിലും, സ്തെഫാനോസിനെപ്പോലെ മരിക്കാൻ ഞാൻ തയ്യാറാണ്!"[35] ഫലത്തിൽ, കർത്താവു അതിനു, "നിന്നെ മരിക്കാൻ അനുവദിക്കാൻ ഞാൻ തയ്യാറല്ല! നിന്റെ അന്ത്യലക്ഷ്യം – ജാതികളോട് പ്രസംഗിക്കുക എന്നതാണ് – അതു വരുവാനിരിക്കുന്നു. ഇവിടെ നിനക്കു അധികമൊന്നും ചെയ്‌വാനില്ല. ഈ പട്ടണം വിട്ടുപോകുക, അതിവേഗം വിട്ടു പോകുക!" ശൗൽ തർക്കം നിർത്തി അനുസരിച്ചു.

*അവൻ കാഠിന്യമെന്ന തടസ്സത്തെ കീഴ്പ്പെടൽ കൊണ്ടു നീക്കി.*

ഏതൊരു പുതിയ ക്രിസ്ത്യാനിക്കും നല്കാൻ കഴിയുന്ന പ്രധാന പ്പെട്ട ചെറിയ ഒരു ഉപദേശം: കർത്താവിലും അവന്റെ ജ്ഞാനത്തിലും ആശ്രയിക്കാൻ ശീലിക്കുക എന്നതാണ്! ദൈവം, തന്റെ വചനത്തിൽ ചെയ്യുവാൻ പറഞ്ഞിരിക്കുന്നതു – നിങ്ങൾ മനസ്സിലാക്കിയാലും, ഇല്ലെങ്കിലും അവനാണ് ശരി. ചോദ്യം ചെയ്യാതെ അനുസരിക്കാൻ പഠിക്കുക – ശേഷം അവന്റെ ഉറപ്പാണ്, അവൻ നമ്മെ അനുഗ്രഹിക്കും!

### നിരുത്സാഹമെന്ന തടസ്സം
### (9:30)

ശൗൽ തർസൊസിൽ എത്തിയപ്പോൾ, അവൻ നിരുത്സാഹപ്പെട്ടിരിക്കാം. അവനു യെരുശലേമിലെ തന്റെ മുമ്പാകെ സ്നേഹിതരോട് പ്രസംഗിക്കുവാൻ അവൻ ആഗ്രഹിച്ചിരുന്നു, എന്നാൽ കർത്താവു അവനോട് പറഞ്ഞു, "ടൗൺ വിട്ടു പോകുക." അവിടെ സഭയിൽ ആവേശജനകമായ സംഭവങ്ങൾ സംഭവിച്ച സ്ഥലത്തു പ്രസംഗിക്കാനായിരുന്നു അവന്റെ പദ്ധതി, പക്ഷെ സഹോദരന്മാർ അവനെ വീട്ടിലേക്കയച്ചു! ചിലപ്പോൾ നമ്മുടെ സ്വപ്നവും പദ്ധതിയും ഒന്നും നടക്കാതെ വരുമ്പോൾ നാം നിരുത്സാഹപ്പെടും ചിലർ ഇങ്ങനെ നിരുത്സാഹപ്പെട്ട് അവസാനം വിട്ടുപോയതെനിക്കറിയാം. ശൗൽ വിട്ടുകളഞ്ഞില്ല. *അവൻ നിരുത്സാഹം എന്ന തടസ്സം വിശ്വസ്തതയാൽ നീക്കി കളഞ്ഞു.*

വലിയ സുവിശേഷ ദൗത്യത്തിനു ശൗലിനെ ഒരുക്കുന്നതിനായുള്ള കർത്താവിന്റെ പദ്ധതിയുടെ ഭാഗമായിരുന്നു: ശൗലിന്റെ തർസൊസിലെ താമസം എന്നു ഞാൻ വിശ്വസിക്കുന്നു! തർസൊസിൽ വെച്ചു, തന്റെ കുടുംബത്തോടും സ്നേഹിതന്മാരോടും സുവിശേഷം പങ്കിടുവാനുള്ള B ZyA h k cwe`ñ p[36] അവൻ എല്ലാവരെയും പരിവർത്തനം ചെയ്യിച്ചില്ലെങ്കിലും,[37] തനിക്കു അടുപ്പമുള്ളവരോട് താൻ പുതുതായി കണ്ടെത്തിയ വിശ്വാസം പങ്കിടേണ്ടതു പ്രാധാന്യമുള്ള ഒന്നായിരുന്നു.

കൂടാതെ, തർസൊസിൽ തന്റെ പ്രാഗത്ഭ്യം തെളിയിച്ചു സഭകൾ ആരംഭിക്കുവാൻ ശൗലിന്റെ കഴിവുകൾക്കു മൂർച്ച കൂട്ടുവാനും അവസരം ലഭിച്ചു. അവൻ യെരുശലേം വിട്ടശേഷം, അവൻ "സുറിയ, കിലിക്യ എന്നീ പ്രദേശങ്ങളിലേക്കു പോയി" (ഗലാത്യർ 1:21).[38] പിന്നീട്, പൗലൊസും ശീലാസും കൂടെ അവരുടെ രണ്ടാം സുവിശേഷദൗത്യം തുടങ്ങി, "അവർ സുറിയ, കിലിക്യ, എന്നിവിടങ്ങളിലെ സഭകളെ ശക്തിപ്പെടുത്തുവാൻ സംഗതി വരുത്തി" (15:41) ആ ഇടവകകൾ ഒന്നാമത്തെ സുവിശേഷ ദൗത്യത്തിനായി ചുറ്റി നടന്നില്ല; അവ ശൗലിന്റ തർസൊസിലെ ശുശ്രൂഷയിൽ അറിയിച്ചതാകാം.

കൂടുതലായി, ശൗൽ തർസൊസിൽ വെച്ചു ക്ഷമ പഠിച്ചു. ദമസ്ക്കൊസിലേക്കുള്ള വഴിയിൽ, കർത്താവു അവനോട് പറഞ്ഞതു, അവൻ സുവിശേഷം ജാതികളിൽ എത്തിക്കും എന്നാണ് (26:15–18; 9:15; 22:15). മൂന്നുവർഷത്തിനു ശേഷം, യെരുശലേമിൽ, കർത്താവു വീണ്ടും അവന്നു ആ വെല്ലുവിളി നല്കി (22:21). എങ്ങനെയായാലും, ശൗൽ ജാതികളോട് ആദ്യം സുവിശേഷം അറിയിക്കാൻ പിന്നെയും ഏഴുവർഷം

കൂടെ എടുത്തു![49] "കർത്താവിനായി കാത്തിരിക്കാൻ" ശൌൽ പഠിച്ചു (സങ്കീർത്തനങ്ങൾ 37:9).[40]

അവസാനം, ഞാൻ വിശ്വസിക്കുന്നതു തർസൊസിൽ വെച്ചു കഷ്ടത സഹിക്കുവാൻ പഠിച്ചു എന്നാണ്. പിന്നീട്, പലപ്പോഴും തടവിലായതും, യെഹൂദന്മാരിൽ നിന്നും അഞ്ചുപ്രാവശ്യവും, റോമാക്കാരിൽ നിന്നു മൂന്നു പ്രാവശ്യവും അടിയിലേക്കുകയും, മൂന്നു പ്രാവശ്യം കപ്പൽച്ചേതത്തിലകപ്പെടുകയും[41] ചെയ്തു എന്നു പിന്നീട് എഴുതുകയുണ്ടായി. ആ വിഷമങ്ങളെക്കുറിച്ച് അവൻ എഴുതിയപ്പോൾ, ലൂക്കൊസ് രേഖപ്പെടുത്തിയതു ഏക റോമൻ അടിയെക്കുറിച്ചാണ് (16:22, 23), ഒരു തടവും (16:23), പക്ഷെ യെഹൂദന്മാർ അടിച്ചതും, കപ്പൽച്ചേതവും രേഖപ്പെടുത്തിയിരുന്നില്ല.[42] കിലിക്യ സുറിയ എന്നീ പ്രദേശങ്ങളിലെ ശൌലിന്റെ ഏഴുവർഷ ശുശ്രൂഷയിൽ അനേകമല്ലെങ്കിൽ, കുറെയെങ്കിലും രേഖപ്പെടുത്താത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.[43] 11-ാം അദ്ധ്യായത്തിൽ നാം ശൌൽ, കർത്താവു നല്കുന്ന ഏതു പ്രവൃത്തിയും ചെയ്യാൻ സാത്താൻ വരുത്തുന്ന ഏതു മോശമായതും നേരിടാൻ തക്ക തഴക്കവും അനുഭവസമ്പത്തുള്ളവനായി പ്രത്യക്ഷപ്പെടുന്നു!

ശൌൽ യെരുശലേമിൽ തങ്ങുവാൻ ആഗ്രഹിച്ചു, എന്നാൽ കർത്താവു ആഗ്രഹിച്ചത് അവൻ തർസൊസിൽ ആകണമെന്ന് - *കർത്താവ് ശരിയായിരുന്നു.* ക്രിസ്തുവിൽ ശിശുക്കളായവർ, നിരുത്സാഹപ്പെട്ടാലും, മടുത്തുപോകാതെ നിങ്ങളുടെ സ്വർഗീയപിതാവിൽ ആശ്രയിക്കുക. അവനോട് ഏറ്റവും അടുക്കുക. അവൻ നിങ്ങളോട് തന്റെ വചനത്തിലൂടെ സംസാരിക്കട്ടെ. അവനോട് നിങ്ങൾ പ്രാർത്ഥനയിലൂടെ സംസാരിക്കുക. നിങ്ങളുടെ ഹൃദയത്തിലെ എല്ലാ ചിന്തകളുമായി അവന്റെ അടുത്തെത്തുക.

എന്റെ ഏറ്റവും ഇളയമകൾ, ഏഞ്ചലായ്ക്കു, എപ്പോഴും ഒരു ലോല മനസാക്ഷിയാണുണ്ടായിരുന്നത്. അവൾ കുഞ്ഞായിരുന്നപ്പോൾ, ഓരോ വൈകുന്നേരവും അവൾ കിടക്കയിൽ ഇഴഞ്ഞുവന്ന്, അവളുടെ ദിനചര്യകൾ പറയുമായിരുന്നു - അങ്ങനെ അവളുടെ ഹൃദയഭാരങ്ങൾ ഇറക്കിവെക്കും. ചില സാഹചര്യത്തിൽ, അർദ്ധരാത്രിയിൽ അവൾ എന്നെ തട്ടിയുണർത്തി അവൾ ചെയ്ത ചില കുസൃതി തെറ്റുകൾ എന്നോട് ഏറ്റുപറയുമായിരുന്നു, ആ ഓർമ്മ അവളെ ഉറക്കം കെടുത്തിയിരുന്നു. എന്റെ ഭാര്യയും ഞാനും പലപ്പോഴും പറയാറുണ്ട്, "ഏഞ്ചലേ എപ്പോഴും ശരിയായതു മാത്രമല്ല ചെയ്തതു; അവൾ തെറ്റുചെയ്താൽ, പെട്ടെന്നോ അല്ലെങ്കിൽ പിന്നെയോ അവൾ അതു പറഞ്ഞിരിക്കും." അവൾ ഞങ്ങളെ സ്നേഹിക്കയും ആശ്രയിക്കുകയും ചെയ്തതുകൊണ്ട് അവൾ തുറന്നു കാര്യങ്ങൾ പറയും. എങ്കിൽപ്പോലും, കർത്താവിനെ ആശ്രയിക്കുകയും സ്നേഹിക്കുകയും വേണം. അ വന്റെ ശക്തിയിൽ ചാരി അവന്റെ കരുതലിലാവുക - തർസൊസിലെ പ്രതിസന്ധിയിൽ വിശ്വസ്ഥനായിരുന്ന ശൌലിനെപ്പോലെ വിശ്വസ്ഥനായിരിക്കുക.

**ഉപസംഹാരം**

ശൌൽ, ക്രിസ്തീയജീവിതം നിസാരമെന്ന് കണക്കാക്കിയില്ല, പക്ഷെ

അസ്സാദ്ധ്യമെന്നും കണ്ടെത്തിയില്ല. തന്റെ കർത്താവിന്റെ സഹായത്താൽ ഏതു വേലിയും കടക്കാൻ തനിക്കു കഴിയുമെന്ന് അവൻ കണ്ടെത്തി (ഫിലിപ്പിയർ 4:13)! അതുപോലെ നമുക്ക് കഴിയും. നാം അങ്ങനെ ജീവിതാവസാനത്തോളം, നമ്മുടെ ഓട്ടം തികച്ചാൽ, കർത്താവു നമുക്കായി വിജയകിരീടവുമായി നില്കുന്നു. അപ്പൊസ്തലൻ പിന്നീട് പറഞ്ഞു, "ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു, അതു നീതിയുള്ള ന്യായാധിപതിയായി, കർത്താവു, ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ" (2 തിമൊഥെയൊസ് 4:8).

9–ാം അദ്ധ്യായം അവസാനിക്കുന്നതു ലൂക്കൊസ് സാധാരണ പുസ്തകത്തിൽ അവസാനം പുരോഗതിയുടെ ഒരു വിവരണത്തോടെയാണ്: "അങ്ങനെ യെഹൂദ്യ, ഗലീല[44] ശമര്യ എന്നീ ദേശങ്ങളിൽ ഒക്കെയും സഭക്കു[45] സമാധാനം ഉണ്ടായി,[46] അതു ആത്മീക വർദ്ധന പ്രാപിച്ചു;[47] കർത്താവിനോടുള്ള ഭക്തിയിലും[48] പരിശുദ്ധാത്മാവിന്റെ,[49] വിശ്വാസത്തിലും ["പ്രബോധനത്തിലും"; NIV] നടന്നും പൊരുതികൊണ്ടിരുന്നു" (9:31). സഭ മൊത്തത്തിൽ എന്നാണ് ലൂക്കൊസിന്റെ വിവരം സൂചിപ്പിക്കുന്നത്, എന്നാൽ സഭ എന്നതു ആളുകളുടെ കൂട്ടമാണ് – നിങ്ങളെപ്പോലെ b pÅ ħ À. *നിങ്ങൾ* പാഠങ്ങൾ ശൗലിന്റെ ക്രിസ്തീയ ജീവിതം സഹജമായി പഠിക്കുകയാണെങ്കിൽ[50] നിങ്ങൾ വ്യക്തിപരമായി സമാധാനം ആസ്വദിക്കയും ആത്മികവർദ്ധന പ്രാപിക്കുകയും ചെയ്യും "നിങ്ങൾ ദൈവഭക്തിയിലും പരിശുദ്ധാത്മാവിന്റെ പ്രബോധനത്തിലും തുടരണമെന്ന് മാത്രം." എങ്കിൽ നിങ്ങൾക്കു വളരുകയല്ലാതെ വേറെ ഒരുനിവൃത്തിയുമില്ല! എന്റെ പ്രാർത്ഥന നിങ്ങൾ അതു ചെയ്യേണ്ടതിനാണ്!

## ദൃശ്യ – സഹായക്കുറിപ്പുകൾ

കടമ്പകൾ എന്ന ആശയം തന്നെ ഒരു ദൃശ്യാവിഷ്കാരം നല്കുന്നതാണ്. ഒരു ഓട്ടപന്തയത്തിലെ കുറെ കടമ്പകൾ വരക്കുക. അവക്ക് ഓരോന്നിനും "പരാജയം," "ഭൂതകാലം," "കാഠിന്യം," "ഉപദ്രവം," "നിരുത്സാഹം" എന്നിങ്ങനെ എഴുതുക. പിന്നെ ഒരു ഓട്ടക്കാരൻ ഓരോ കടമ്പയും നീക്കി ഓടുന്നതായി പറക്കുക (ഒരു "നിസാരവടി," ഉപയോഗിച്ച്, ഒരു കുട്ടി വരക്കുന്നതുപോലെ) ശൗൽ പരാജയം എന്ന തടസ്സത്തെ *വിശ്വാസത്താൽ* നീക്കി, കാഠിന്യമെന്ന തടസ്സത്തെ *കീഴ്പ്പെടലിലൂടെയും*, നിരുത്സാഹം വിശ്വാസത്തോടെയും, കഴിഞ്ഞകാല പാപങ്ങൾ *ക്ഷമയോടെയും* നീക്കി കളഞ്ഞു.

---

കുറിപ്പുകൾ

[1] "പ്രവൃത്തി, 3–ാം"ലക്കത്തിലെ 8:22, 24 നോട്ടുകൾ നോക്കുക. [2]1 കൊരിന്ത്യർ 3:1, 2; എബ്രായർ 5:12–14 നോക്കുക. ക്രിസ്ത്യാനികൾ ഒരിക്കലും പക്വതയാർജിച്ചില്ലെങ്കിൽ

അവർ നഷ്ടപ്പെട്ടു പോയേക്കാം എന്ന് ഈ വേദഭാഗങ്ങൾ മനസിലാക്കി തരുന്നു! [3]അവർ ഇതുതന്നെയാണ് യേശുവിനോടും സ്തെഫാനോസിനോടും ചെയ്തത്. [4]ഇതു 1985 സെപ്റ്റംബർ 22-ാം തിയതി ടെക്സാസിലെ, അബിലീനിൽ, സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ, പ്രസംഗിച്ച പ്രസംഗത്തിൽ റിക് അച്ച്ലെയുടെ ഉദ്ധരണിയായിരുന്നു. [5]പൗലൊസിന്റെ കാര്യം പലപ്പോഴും ഇതായിരുന്ന (14:4-6; 23:12-22). സാധാരണ ആളുകൾ ക്രിസ്ത്യാനികളില്ലാത്തവരെ, ഒന്നുകിൽ പൗലൊസിനെ സ്നേഹിക്കുകയോ അല്ലെങ്കിൽ വെറുക്കുകയോ ചെയ്യും. അക്രൈസ്തവ സ്നേഹിതന്മാർ അവന്റെ സുരക്ഷിതത്വത്തെ കരുതിയിരുന്ന സ്നേഹിതന്മാർ അവനുണ്ടായിരുന്നു (19:31). ഇതിലെല്ലാം, ദൈവകരുണയാൽ പൗലൊസിനെ സംരക്ഷിക്കുന്നതു കാണാം. [6]ദി "എത്തനാർക്ക്" അരേതാ രാജാവായിരുന്നു. ദമാസ്കസിനെ പ്രതിനിധി വ്യക്തിയായിരുന്നു. അയാൾക്കു എത്ര അധികാരം ഉണ്ടായിരുന്നു എന്ന്, നമുക്കറിഞ്ഞുകൂടാ. ദി കെ ജെ വിയും എൻ ഐ വിയും തർജ്ജിമക്കാർ വിചാരിച്ചത് അവൻ പട്ടണ "നാടുവാഴിയായിരുന്നു" എന്നാണ്. [7]"അറേബ്യ" എന്നറിയപ്പെട്ട അറബി സാമ്രാജ്യത്തിലെ നാബത്തീൻ അരേത്താ നാലാമൻ വാണിരുന്നപ്പോൾ - ശൗൽ അവിടെ കുറെ സമയം ചെലവിട്ടു. [8]ഒരു പക്ഷെ ദമാസ്ക്കസ് താല്കാലികമായി അരേക്കാസ് വാണിരിക്കാം. (ആ സമയത്ത് ഇവിടെ റോമാ നാണയമൊന്നും ഇല്ലായിരുന്നു.) ഒരുപക്ഷെ അറേബ്യൻ സൈന്യങ്ങൾ നഗരവാതിൽ കാക്കുവാൻ *പുറത്തുണ്ടായിരുന്നേക്കാം* (ദമാസ്കസ് മരുഭൂമിയുടെ അഗ്രത്തിലായിരുന്നു) ഒരുപക്ഷെ അവിടെ ഉണ്ടായിരുന്ന അറബി ജനസംഖ്യയിൽ പരിമിതികളുള്ള വ്യക്തി ആയിരുന്നേക്കാം. അരേസ്താ (അതു പരിഗണിക്കാവുന്നതാണ്). [9]പല വ്യത്യസ്ഥ കാരണങ്ങൾ കൊണ്ട് രണ്ടു കാരണങ്ങൾ കൊണ്ട് രണ്ട് കൂട്ടങ്ങളും അന്യോന്യം വെറുത്തിരുന്നു. കുറച്ചു വർഷങ്ങൾക്കു ശേഷം (എ ഡി 66-ൽ), നാബത്തീൻ അറബികൾ ദമാസ്കസിലെ 10000 യെഹൂദന്മാരെ കൊന്നുകളഞ്ഞു. [10]*വലിയ* ഒരുകൂട്ടം യെഹൂദന്മാർ ദമാസ്കസിൽ പാർത്തിരുന്നു.

[11]ശൗൽ ദമാസ്കസിൽ പ്രസംഗിച്ചപ്പോൾ അവിടെ ജനങ്ങൾ കുഴപ്പം ഇളക്കിവിട്ടു; അവൻ അറബിയയിൽ പോയി പ്രസംഗിച്ചു അവിടെയും ആളുകൾ കുഴപ്പമുണ്ടാക്കി! [12]"അവന്റെ ശിഷ്യൻമാർ" എന്നതു അസാധാരണപ്രയോഗമാണ്. അതിന്റെ അർത്ഥം മറ്റെന്തായാലും, ദമാസ്കസിലെ ആളുകളെ പരിവർത്തനം ചെയ്യുന്നതിൽ *കുറെയൊക്കെ* വിജയിക്കുകയുണ്ടായി. ആരെങ്കിലും തന്നെ അനുഗമിക്കുന്നു എന്ന ചിന്ത ഉണ്ടാകാതിരിക്കാൻ പൗലൊസ് ശ്രദ്ധിച്ചു. അവൻ എപ്പോഴും ആളുകളെ കർത്താവിങ്കലേക്ക് നയിച്ചുകൊണ്ടിരുന്നു (1 കൊരിന്ത്യർ 1:12, 13). [13]രണ്ടു വിവരണങ്ങളിലും "കൊട്ട" ക്കു രണ്ടു ഗ്രീക്കു വാക്കാണുപയോഗിച്ചിരിക്കുന്നത്. പ്രവൃത്തി 9-ൽ ഉപയോഗിച്ച വാക്ക് ശേഖരിച്ചു വെക്കുവാനുള്ള വലിയ കൊട്ടയെയാണ് സൂചിപ്പിച്ചിരിക്കുന്നത് (മത്തായി 15:37; മർക്കൊസ് 8:8). 2 കൊരിന്ത്യർ 11-ൽ ഉപയോഗിച്ച വാക്ക് തെളിയിക്കുന്നത് കയർ കൊണ്ടുള്ള കൊട്ടയായിരുന്നു എന്നാണ്. [14]അവന്റെ *ബലഹീനതയ്ക്ക്* ഉദാഹരണമായി ഈ സംഭവം എടുക്കാറുണ്ട് എന്ന് ഓർമ്മിക്കുക (2 കൊരിന്ത്യർ 11:30-33). [15]ഇതേ കാര്യങ്ങൾ അനവധി ഇടവകകളിൽ സംഭവിച്ചിട്ടുള്ളത്. എന്റെതിനു പകരം പ്രാദേശിക ഉദാഹരണം കൊടുക്കാം. [16]ഗലാത്യർ 1:18. യെഹൂദന്മാർ ഒരു ഭാഗത്തെ മുഴുവനായി കണക്കാക്കും. "മൂന്ന് വർഷം" എന്ന യെഹൂദപ്രയോഗം അനുസരിച്ചു ശൗൽ ദമാസ്കസിലേക്കു വർഷത്തെയാണ് കണക്കാക്കുന്നത്, അടുത്ത വർഷവും, ദമാസകസിൽ നിന്നു രക്ഷപ്പെട്ടു പുറത്തുപോയ വർഷവും ഉൾപ്പെടുന്നു. [17]മൂന്നുവർഷം മുൻപു യേശുവിന്റെ ശിഷ്യൻമാരെ യെരുശലേമിൽ നിന്നു ഓടിച്ചതിനാൽ (8:1), ആരായിരുന്നു ഈ ശിഷ്യന്മാർ? ചിലർ ആരംഭത്തിൽ വിട്ടു പോയിരുന്നില്ല ("പ്രവൃത്തി, 3-ാം ലക്കത്തിലെ" 8:1 നോട്ടുകൾ നോക്കുക), ചിലർ മടങ്ങിവന്നിരിക്കും (ചിലർ അടുത്ത സമയത്തു പരിവർത്തനം ചെയ്തവരുമായിരിക്കാം, എന്നാൽ "പേടിച്ചു" എന്ന വാക്കു സൂചിപ്പിക്കുന്നതു ശൗലിന്റെ ഉപദ്രവത്തിനിരയായവർ ആയിരുന്നേക്കാം) "എല്ലാ" ശിഷ്യന്മാരും ശൗലിനെ വിശ്വസിക്കാതിരുന്നതുകൊണ്ട്, ഇതിൽ *അപ്പൊസ്തലന്മാരും* ഉൾപ്പെട്ടിരിക്കാം.

[18]ശൗൽ മൂന്നു വർഷം മുൻപു പരിവർത്തനം ചെയ്ത കാര്യം യെരുശലെമിലുള്ളവർ അറിഞ്ഞിരിക്കയില്ലേ എന്നു ചിലർ സംശയിക്കുന്നുണ്ട്. ഒരു പക്ഷെ അതിനു പല വസ്തുതകൾ ഉണ്ടായിരുന്നു. (1) അക്കാലത്തു ആശയവിനിമയം അത്ര നന്നായിരുന്നില്ല അന്ന്. (2) (മുൻപുള്ള ഒരു കുറിപ്പിൽ നാം കണ്ടതുപോലെ അരേത്താസ് നാലാമൻ ദമാസ്കസ് നിയന്ത്രിച്ചിരു*ന്നതുകൊണ്ട്*) യെരുശലേമും ദമാസ്കസും തമ്മിലുള്ള ബന്ധം വളരെ കുറവായിരുന്നു. (3) ശൗലിന്റെ അറബിയിലേക്കു ദീർഘ "തീരോധാനം" സംശയം ഉണർത്തിയിരിക്കും. ശൗൽ യെരുശലേമിലെ ശിഷ്യൻമാരെ ആഴത്തിൽ വ്രണപ്പെടുത്തി എന്നതാണ് മുഖ്യകാര്യം. അതുകൊണ്ട് അവൻ പറയുന്നതു വിശ്വസിക്കാൻ പ്രയാസമായിരുന്നു. [19]ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ആക്റ്റ്സ്* (ആസ്റ്റിൻ, ടെക്സാസ്.: ഫെം ഫൗണ്ടേഷൻ പബ്ളിഷിംങ് ഹൗസ്, 1976), 190. [20]പ്രവൃത്തികളുടെ പുസ്തകത്തിൽ ഇത് അവസാനമായിട്ടാണ് അപ്പൊസ്തലന്മാർ യെരുശലേമിലെ സഭയുടെ അദ്ധ്യക്ഷന്മാരായി പ്രതിപാദിച്ചിരിക്കുന്നത്. ഗലാത്യർ 1:18-20-ൽ, പൗലൊസിന്റെ ഏകപ്രഖ്യാപനപ്രകാരം പന്തിരുവരിൽ ഒരാളായ പത്രൊസ് മാത്രമേ അവിടെയുണ്ടായിരുന്നുള്ളു. (ശേഷിച്ചവർ ഒരു പക്ഷെ സുവിശേഷ സന്ദർശനത്തിലായിരുന്നേക്കാം) അതൊഴിച്ചാൽ ടൗണിലുണ്ടായിരുന്ന വേറൊരദ്ധ്യക്ഷൻ കർത്താവിന്റെ അർദ്ധസഹോദരനായിരുന്ന യാക്കോബായിരുന്നു (ഗലാത്യർ 1:19). ശൗലിനെ "അപ്പൊസ്തലന്മാരുടെ അടുക്കൽ" കൊണ്ടുവന്നു എന്ന ലൂക്കൊസിന്റെ പ്രസ്താവന ഇതുമായി യോജിക്കുന്നതെങ്ങനെ? ഒരു പക്ഷെ ലൂക്കൊസ്, പത്രൊസിനെ എല്ലാ അപ്പൊസ്തലന്മാരുടെയും പ്രതിനിധിയായി കരുതിയിരുന്നേക്കാം, അല്ലെങ്കിൽ ലൂക്കൊസ് പന്തിരുവർ എന്നതിനേക്കാൾ വിശാലമായ അർത്ഥത്തിൽ "അപ്പൊസ്തലന്മാർ" എന്നു പറഞ്ഞതാകാം (14:4, 14 എന്ന പോലെ) യാക്കൊബിനെയും ഉൾപ്പെടുത്തിയിരുന്നു. "അപ്പൊസ്തലൻ" എന്ന വാക്കിനർത്ഥം "അയക്കപ്പെട്ടവൻ" എന്നാണെന്നോർക്കുക, പൊതുവായ അർത്ഥത്തിൽ ഉപയോഗിച്ചതുമാണ് ("സഭയാൽ ആജ്ഞ കൊടുക്കുന്നവൻ," മുതലായവ) "പന്തിരുവരും പൗലൊസും" എന്നും ഉപയോഗിച്ചിട്ടുണ്ട്.

[21]ശൗൽ കർത്താവിനെ *കേൾക്കുക* മാത്രമല്ല; *കാണുകയും* ചെയ്തു എന്ന് ഊന്നി പറയുക. [22]ശൗലിന്റെ ആദ്യയാത്രകളുടെ ഭൂപടം നോക്കുക. തർസൊസു പ്രധാനപ്പെട്ട ഒരു പട്ടണമായിരുന്നു. ബർണബാസിനു കുപ്രൊസിൽ നിന്നു തർസൊസിലേക്കു നിരവധി യാത്രകൾ നടത്താൻ കഴിഞ്ഞിരുന്നു. [23]പിന്നീട് സഭ ബർണബാസിനെ അന്ത്യോക്യയിലെക്കു അയച്ചതുപോലെ ബർണബാസിനെ സഭ അയച്ചതാകാം (11:22), അല്ലെങ്കിൽ വ്യക്തിപരമായി ദമാസ്കസിലേക്കു പോയതുമാകാം. [24]13:1 ൻ പ്രകാരം അത്ഭുതകരമായി ശൗലിനെക്കുറിച്ച് അറിഞ്ഞിരുന്നു എന്നും പറയപ്പെടുന്നുണ്ട്. (ബർണബാസ് ദൈവശ്വസീയമായ പ്രവാചകദൗത്യം അല്ലെങ്കിൽ ദൈവശ്വസീയ ഉപദേഷ്ടാവോ ആയിരിക്കാം) എങ്ങനെയായാലും, അങ്ങനെയാണെങ്കിൽ അപ്പൊസ്തലന്മാർ അവയുടെ ശക്തി ഉപയോഗിച്ചു ഇതേ വിവരം എടുത്തില്ല? [25]എബ്രായ പുസ്തകം പൗലൊസ് എഴുതിയതാണെങ്കിൽ അവന്റെ പതിനാലു പുസ്തകങ്ങൾ നമുക്കുണ്ട്. [26]ഗലാത്യർ 1:22, 23 വാക്യങ്ങളിൽ പൗലൊസ് പറഞ്ഞു, "യെഹൂദ്യയിലെ ക്രിസ്തുവിന്റെ സഭകൾ നേരിട്ട് അവനെ കണ്ടിരുന്നില്ല." യെരുശലേമിലെ സഭ കൂടാതെ "യെഹൂദ്യയിലെ എല്ലാ ഇടവകകളെയും" ചേർത്താണ് പറയുന്നത്. പൗലോസിന്റെ ഹ്രസ്വതാമസം (പതിനഞ്ചു ദിവസം) യെരുശലെമിന്നു പുറത്ത് പോകാൻ അനുവാദമില്ലായിരുന്നു. [27]ഇതിൽ അവൻ "യവനഭാഷക്കാരായ യെഹൂദന്മാരോട് സംസാരിക്കുകയും വാദിക്കുകയും ചെയ്തു." [28]ശൗൽ ആദ്യമായിട്ടായിരിക്കാം സ്തെഫാനോസിനെ അവിടെ വച്ച് കണ്ടത്. NIV യിൽ "പ്രതിപാദിച്ചു" എന്നതു, എനിക്കിഷ്ടമുള്ള പ്രയോഗമാണ്. [29]എൻ ഐ വിയിൽ "തർക്കിച്ചു" എന്നത് ഞാൻ ഇഷ്ടപ്പെടുന്നു. [30]ഒരു പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന ആൾ അതിനെ വിട്ടു പോയാൽ അതിനെതിരെ സംസാരിക്കും. ഒരിക്കലും അതിൽ പങ്കുകാരാകാതെ പ്രസ്ഥാനം എതിർക്കുന്നവർ ഒരിക്കലും അതിന്റെ ഭാഗമാകാതിരിക്കുന്നത്. വ്യക്തിപരമായ ഇത്തരം അനുഭവങ്ങൾ പങ്കിടാം. യവനഭാഷക്കാരായ യെഹൂദന്മാർ ശൗലിനെതിരായിരുന്നു

എന്നതു ചിത്രീകരിക്കുക.

[31]പൗലൊസ് ആദ്യം യാത്ര ചെയ്തതായ ഭൂപടം നോക്കുക 10:1 ലെ നോട്ടുകളും നോക്കുക. [32] പൗലൊസ് ആദ്യം യാത്ര ചെയ്തതായി ഭൂപടം നോക്കുകയും തർസൊസിനെക്കുറിച്ചുള്ള ഈ നോട്ടുകളും നോക്കുക. [33]11:27-30; 12:25-ൽ രേഖപ്പെടുത്തിയ ശൗലിന്റെ യെരുശലേം സന്ദർശനത്തിൽ സംഭവിച്ച പലതും ഇതിനോട് യോജിക്കുന്നതാണ്, എന്നാൽ ആ യാത്രയിൽ പൗലൊസ് പ്രസംഗിച്ച രേഖ നമുക്കില്ല, ആ സമയത്തു ഉടനെ പട്ടണം വിടേണ്ട സാഹചര്യത്തിനെ സൂചനയുമില്ല. 22:17-21 ലെ സംഭവം 9:29, 30 ലേതുമായി യോജിക്കുന്നതുകൊണ്ട്, ഞാനതു ഉൾപ്പെടുത്തിയിരിക്കുന്നു. [34]10:10 ലെ നോട്ടുകൾ നോക്കുക. [35]താൻ ശരി എന്നു കരുതിയതു ചെയ്യുന്നതിൽ നിന്നു മരണഭീഷണി അവനെ പിന്തിരിപ്പിച്ചില്ല (20:24). "സ്തെഫാനൊസിനെപ്പോലെ," മരിക്കലിനെ സംബന്ധിച്ച് 2 തിമൊഥെയൊസ് 4:16 നോക്കിയാൽ സ്തെഫാനൊസ് മരിച്ചപ്പോഴത്തെ പ്രസ്താവന കാണാൻ കഴിയും. [36]അവന്റെ പരിവർത്തനം മുതൽ, എത്ര നാടകീയമായ രംഗമായിരുന്നിരിക്കണം അത്. തന്നെ പരീശനാവാൻ വളർത്തിയ - അപ്പനെ ശൗൽ കണ്ടു! [37]അവൻ തന്റെ സഹോദരിയെ പരിവർത്തനം ചെയ്തിരിക്കാം; അവൻ തന്റെ കുടുംബത്തിലെ മറ്റംഗങ്ങളിൽ നിന്നകന്നതുപോലെ അവളിൽ നിന്നു അകന്നിരിക്കാതെയെങ്കിലും കഴിഞ്ഞിരിക്കും (23:16). റോമർ 16:7, 11, 21 എന്നീ വാക്യങ്ങളിൽ സൂചിപ്പിക്കുന്ന ജഢത്തിലെ "ചാർച്ചക്കാർ" എന്നതു (വീട്ടുകാർ) അവരാണെന്നും ചിലർ വിശ്വസിക്കുന്നു. [38]പൗലൊസ് ആദ്യം സഞ്ചരിച്ച സ്ഥലങ്ങളുടെ ഭൂപടം നോക്കുക. തർസൊസ് കിലിക്യയിലായിരുന്നു, സുറിയ കിലിക്യയോടു കിഴക്കു ചേർന്നു കിടക്കുന്നു. അക്കാലത്തു കിലിക്യയും സുറിയയും ചേർന്ന ഒരു സാമ്രാജ്യ പ്രദേശമായിരുന്നു. [39]*ആദ്യം* പത്രൊസ് കൊർന്നെലോസിന്റെ ഭവനത്തിൽ ജാതികളോട് പ്രസംഗിച്ച ശേഷം (പ്രവൃത്തി 10; 15:7-9) മറ്റുള്ളവർ ആദ്യം ജാതികളോട് പ്രസംഗിച്ചത് സുറിയയിലെ അന്തോക്യയിലാണ് (11:20), *പിന്നെ* ശൗൽ അന്തോക്യയിൽ വന്നപ്പോൾ ഒരുപക്ഷെ ആദ്യമായി ജാതികളോട് പ്രസംഗിച്ചിരിക്കാം (11:25, 26) എങ്ങനെ എന്നതു, ഒഴിച്ചു നിർത്തിയിരിക്കുന്നു. [40]ഇതു പൗലൊസിനു പഠിക്കേണ്ടിയിരുന്ന പ്രധാന പാഠമായിരുന്നു. പൗലൊസിന്റെ പദ്ധതികൾ ആയിരുന്നില്ല കർത്താവിന്റെ പദ്ധതികൾ എന്നു നാം പിന്നീട് പഠിക്കും, എന്നാൽ അവൻ മുൻപോട്ട് നീങ്ങുന്നതാണ് മുൻപു കർത്താവിന്റെ "ഉറ്റ്" എന്നതിനുവേണ്ടി അവൻ കാത്തിരിക്കുമായിരുന്നു.

[41]2 കൊരിന്ത്യർ 11:23-25 മൂന്നാം മിഷനറി യാത്രയുടെ അവസാനഘട്ടത്തിൽ ശൗലിന്റെ പന്ത്രണ്ടോളം വർഷത്തെ തർസൊസ് സേവനത്തിന്റെതായിരുന്നു (20:1, 2 ലെ നോട്ടുകൾ പിന്നീടുള്ള ലക്കത്തിൽ നോക്കുക). [42]2 കൊരിന്ത്യർ എഴുതിയ സുവിശേഷം സംഭവിച്ചതാണ് പ്രവൃത്തി 27 ലെ കപ്പൽച്ചേതം. [43]ശൗൽ ദമാസ്കസിൽ മുൻപ് ചെറുത്തു നിന്നപ്പോലെ ഇവിടെയും നിന്നു, അറേബ്യയിലും യെരുശലേമിലും പിന്നീടുള്ള തന്റെ മിഷനറി യാത്രകളിലും അങ്ങനെയായിരുന്നു. മതപരമായ അദ്ധ്യക്ഷന്മാരുമായി ശൗൽ നിരന്തരമായി ഏറ്റുമുട്ടിയിരുന്നു എന്നു ഊഹിക്കാൻ പ്രയാസമില്ല. [44]ചില കയ്യെഴുത്തു പ്രതികളിൽ ഇവിടെ "സഭ" എന്നതു ബഹുവചനരൂപത്തിലാണ് ഉള്ളത് (KJV നോക്കുക), എന്നാൽ പുരാതന കയ്യെഴുത്തുപ്രതികളിൽ ഏകവചനമാണമാണുള്ളത് - "സഭ" എന്ന വാക്യം പ്രവൃത്തികളുടെ പുസ്തകത്തിൽ അസാധാരണമായി ഉപയോഗിച്ചിരിക്കുന്നു. മൂന്നു പ്രദേശങ്ങളിലും അസംഖ്യം ഇടവകകൾ ഉണ്ടായിരുന്നതിലും (ഗലാത്യർ 1:22), ആ പ്രദേശത്തുള്ള "സഭ" എന്നതുകൊണ്ട് ലൂക്കൊസ് ഉദ്ദേശിച്ചത് പാലസ്തീനിലെ എല്ലാ ക്രിസ്ത്യാനികളെയുമാണ്. [45]ഗലീലിയായിലെ പ്രത്യേക സുവിശേഷീകരണ വിവരം നമുക്കില്ല. ചിതറിപ്പോയ ക്രിസ്ത്യാനികൾ ഒരുപക്ഷെ അവിടെ സുവിശേഷം പ്രസംഗിച്ചിരിക്കാം (8:1, 4). [46]NIVയിൽ ശരിയായ ആശയമാണുള്ളത്, "പിന്നെ ... സഭ *സമാധാന കാലം* ആസ്വദിച്ചു" എന്താണുള്ളത് (എംഫസിസ് മൈൻ). പിശാച്, അധികനാൾ സഭയെ അങ്ങനെ വിടുകയില്ല. സന്ദർഭങ്ങളിൽ മുഖ്യചിന്ത, സഭ "സമാധാനം" അനുഭവിച്ചു എന്നതാണ് കാരണം മുഖ്യ ഉപദ്രവകാരി പരിവർത്തനം ചെയ്യപ്പെട്ടു. ശൗൽ ആ പ്രദേശം

വിട്ടുപോയത് കാരണമായി പറഞ്ഞേക്കാം. (യവ്വനഭാഷക്കാരായ യെഹൂദന്മാരെ ലക്ഷ്യ മാക്കാതെ.) [47]ക്രിസ്ത്യാനികൾ വചനത്താൽ പണിയപ്പെടുന്നു (20:32) അതു സമാധാന കാലമായിരുന്നു, എന്നാൽ അലംഭാവത്തിന്റേതായിരുന്നില്ല. "അടുത്ത കൊടുങ്കാറ്റ് അടി ക്കുന്നതിനു മുമ്പ് യാത്രക്ക് വേണ്ട ശക്തി സംഭരിക്കേണ്ടതിനും അറ്റകുറ്റപ്പണികൾക്കും അവസരം നിന്നു" (വാരൻ. ഡബ്ല്യു. വിയേഴ്സ് ബേ, ദി *ബൈബിൾ എക്സ്പൊസി* j ³ l saâ dn, വാല്യം 1 [വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989], 442). [48]സദൃശവാക്യ ങ്ങൾ 1:7; 9; 10:27; 14:27; സഭാപ്രസംഗി 12:13. [49]ഇതു ഒരു പക്ഷെ ഓരോ ക്രിസ്ത്യാ നിക്കും അവരിലുള്ള പരിശുദ്ധാത്മാവ് നല്കുന്ന ആശ്വാസം അല്ലെങ്കിൽ പ്രോത്സാഹനം ആകാം. [50]ഈ പാഠത്തിലും കഴിഞ്ഞ പാഠത്തിലും നല്കിയ നിർദ്ദേശങ്ങൾ പുനഃപരി ശോധന നടത്തുക.